**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2666** **12-02-2019-ലെ മറുപടി**

**<u>മലപ്പുറം മണ്ഡലത്തിലെ ജലസേചന പദ്ധതികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിൽ 2018-19, 2019-20 വർഷങ്ങളിൽ ജലസേചന വകുപ്പ് (മേജർ and മൈനർ), കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളുടെ കീഴിൽ ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും അല്ലാത്തതുമായ വിവിധ പദ്ധതികൾ വിശദീകരിക്കാമോ; | (എ), (ബി) & (സി) | മലപ്പുറം മണ്ഡലത്തിൽ 2018-19, 2019-20 വർഷങ്ങളിൽ ജലസേചന വകുപ്പിന്റെ കീഴിൽ ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും അല്ലാത്തതുമായ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർത്തിരിക്കുന്നു.<br><br>കേരള ജല അതോറിറ്റി മലപ്പുറം മണ്ഡലത്തിൽ 2018-19 വർഷത്തിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി അനുമതി നൽകി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1)** മലപ്പുറം കുടിവെള്ള പദ്ധതിയുടെ ഭാഗമായ കോട്ടക്കുന്ന് റോഡ് ജംഗ്ഷൻ മുതൽ കെ.എസ്.ആർ.ടി.സി. സ്റ്റാൻഡ് വരെയുള്ള പഴയ എ.സി. / ജി.ഐ. പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി – 19.00 ലക്ഷം-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്..<br><br>**2)** മലപ്പുറം കുടിവെള്ള പദ്ധതിയുടെ ഭാഗമായ എ.കെ. റോഡ് ജംഗ്ഷൻ മുതൽ മഞ്ചേരി റോഡ് ജംഗ്ഷൻ വരെയുള്ള പഴയ കേടായ എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി – 26.00 ലക്ഷം-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | ഓരോ പദ്ധതികളുടെയും നിലവിലുള്ള സ്ഥിതിയും പുരോഗതിയും വെളിപ്പെടുത്താമോ; | | |
| (സി) | നിർമ്മാണ പുരോഗതികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | | |

| | | | |
|---|---|---|---|
| | | | 3) മലപ്പുറം കുടിവെള്ള പദ്ധതി – താമരക്കുളം റോഡിൽ പഴയതും കേടായതുമായ എ.സി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി – 21.00 ലക്ഷം-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.<br>4) മലപ്പുറം കുടിവെള്ള പദ്ധതി – ചാമക്കയം-തുക്കപാലം റോഡിൽ പമ്പ് ഹൗസിനു സമീപം പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി – 18.50 ലക്ഷം-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.<br>5) ആനക്കയം കുടിവെള്ള പദ്ധതി – കടുക്ക സിറ്റി – പന്തല്ലൂർ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - 3.60 ലക്ഷം - പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്.<br>6) മലപ്പുറം കുടിവെള്ള പദ്ധതി – ശുദ്ധീകരണശാലയുടെയും പമ്പ് ഹൗസിന്റെയും അറ്റകുറ്റപ്പണി – 15.00 ലക്ഷം- വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br>7) മേൽമുടി കുടിവെള്ള പദ്ധതി – പുതിയ പമ്പ് ഹൗസ് / ഷിഫ്റ്റ് റൂം നിർമ്മാണം – 18.00 ലക്ഷം-പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്.<br>8) മലപ്പുറം കുടിവെള്ള പദ്ധതി – ഓഫീസ് കെട്ടിടത്തിന്റെ റിപ്പയറും പുനരുദ്ധാരണവും അനുബന്ധ ഇലക്ട്രിക് റിപ്പയർ ജോലികളും – 10.00 ലക്ഷം-വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br>2019-20 വർഷത്തിലെ കേരള ജല അതോറിറ്റിയുടെ പദ്ധതികൾ അന്തിമമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ജലസേചന വകുപ്പ്

1. മലപ്പുറം നിയോജക മണ്ഡലത്തിന്റെ കീഴിൽ 2018-19 വർഷത്തിൽ ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|
| 1 | ഹാജിയാർ പള്ളി റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം | കടലുണ്ടിപ്പുഴയുടെ flood prone area mapping പുരോഗമിക്കുന്നു. ടി പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ ലഭ്യമാക്കി ഡി.പി.ആർ തയ്യാറാക്കേണ്ടതുണ്ട്. |
| 2 | കടലുണ്ടി പുഴയ്ക്കു കുറുകെ കാട്ടുങ്ങൽ ചെക്ക് ഡാം നിർമ്മാണം | |
| 3 | കടലുണ്ടി പുഴയ്ക്കു കുറുകെ ഏടായിപ്പാലം ചെക്ക് ഡാം നിർമ്മാണം | |

2. മലപ്പുറം നിയോജക മണ്ഡലത്തിന്റെ കീഴിൽ 2018-19 വർഷത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ - നോൺ പ്ലാൻ

| | | |
|---|---|---|
| 1 | NC 2018-FC മലപ്പുറം ജില്ലയിലെ കോഡൂർ പഞ്ചായത്തിലെ മങ്ങാട്ടുപുലം മാമസ്ജിദിന് സമീപം കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം | ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു. |

3. മലപ്പുറം നിയോജക മണ്ഡലത്തിന്റെ കീഴിൽ 2019-20 വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച പ്രവൃത്തികൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അഭിപ്രായങ്ങൾ . |
|---|---|---|
| 1 | ആനക്കയം പഞ്ചായത്തിൽ കളത്തിൽ പടി കടവിൽ കടലുണ്ടി പുഴയുടെ ഇടതു കര സംരക്ഷണം | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. |
| 2 | ആനക്കയം പഞ്ചായത്തിൽ സ്റ്റോറേജ് വിയറിന് സമീപം സംരക്ഷണ പ്രവൃത്തി | |
| 3 | വടക്കുമുറി പള്ളിമുതൽ പടിഞ്ഞാറോട്ട് കടലുണ്ടിപ്പുഴയുടെ സംരക്ഷണ ഭിത്തി നിർമ്മാണം | |
| 4 | ആനക്കയം പഞ്ചായത്തിലെ പുള്ളിലങ്ങാടിയിൽ പാറക്കടവിനും | |

| | | |
|---|---|---|
| | പള്ളിക്കാട്ടുകടവിനും മദ്ധ്യേ കടലുണ്ടിപ്പുഴയുടെ വലതുകരയുടെ സംരക്ഷണ പ്രവൃത്തികൾ | |
| 5 | മലപ്പുറം മുനിസിപ്പാലിറ്റിയിലെ കോൽ മണ്ണ വാർഡ് നമ്പർ 34-ൽ കടലുണ്ടി പുഴയുടെ വലതുകര സംരക്ഷണം | |
| 6 | മലപ്പുറം മുനിസിപ്പാലിറ്റിയിലെ താമരകുഴിയിൽ കടലുണ്ടി പുഴയുടെ ഇടതുകര സംരക്ഷണം | ആർ.എം.എഫിൽ ഉൾപ്പെടുത്താൻ ജില്ലാതല വിദഗ്ധ സമിതി സ്ഥലം സന്ദർശിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്. |
| 7 | മലപ്പുറം മുനിസിപ്പാലിറ്റി കടലുണ്ടിപ്പുഴയ്ക്ക് കുറുകെ ചമ്മങ്കടവിൽ റഗുലേറ്റർ നിർമ്മാണം | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. |
| 8 | മലപ്പുറം മുനിസിപ്പാലിറ്റിയിലെ കൈനോട് തോടിനു കുറുകെ കൽച്ചിറ വി.സി.ബി നിർമ്മാണം | |
| 9 | ആനക്കയം ഗ്രാമ പഞ്ചായത്തിലെ കക്കറ തോടിനു കുറുകെ കടമ്പോട് വി.സി.ബി നിർമ്മാണം | |

**സെക്ഷൻ ഓഫീസർ**